# കേരള സർവകലാശാല

നം. പി.ആർ.047/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്‌സി ഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി 2015 സ്കീം – 2016 അഡ്മിഷൻ റഗുലർ 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും മാർച്ച് 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

## ബി.കോം പരീക്ഷാകേന്ദ്രങ്ങൾ

ഫെബ്രുവരി 27-ന് തുടങ്ങുന്ന ബി.കോം ഡിഗ്രി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് പരീക്ഷയ്ക്ക് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് സെന്ററായി അപേക്ഷിച്ചവർ തിരുവനന്തപുരം എം.ജി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. ഗവ. സംസ്കൃത കോളേജിൽ അപേക്ഷിച്ച ഓഫ്‌ലൈൻ വിദ്യാർത്ഥികളും, ഓൺലൈൻ ആയി അപേക്ഷിച്ച രജി.നമ്പർ – 1402004 മുതൽ 1402424 വരെയുള്ളവർ സർവകലാശാല പാളയം ക്യാമ്പസിലെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. ആലപ്പുഴ സെന്റ് ജോസഫ്സ് വനിതാ കോളേജ് അപേക്ഷിച്ചവർ ആലപ്പുഴ എസ്.ഡി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഓൺലൈനായി അപേക്ഷിച്ച പെൺകുട്ടികൾ തിരുവനന്തപുരം എം.ജി കോളേജിലും, ആൺകുട്ടികൾ തിരുവനന്തപുരം ഗവ. ആർട്സ് കോളേജിലും, ഓഫ്‌ലൈനായി അപേക്ഷിച്ചവർ ചെമ്പഴന്തി എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. പെരിങ്ങമ്മല ഇക്ബാൽ കോളേജിൽ അപേക്ഷിച്ച എല്ലാവരും നെടുമങ്ങാട് ഗവ. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. ശാസ്താംകോട്ട ഡി.ബി കോളേജിൽ അപേക്ഷിച്ച രജി.നമ്പർ – 1434003 മുതൽ 1434340 വരെയും, 3031534002 മുതൽ 3031534374 വരെയുള്ളവർ പ്രസ്തുത കോളേജിലും രജി. നമ്പർ 3031534376 മുതൽ 3031534495 വരെയുള്ളവരും, സപ്ലിമെന്ററിയായി രജിസ്റ്റർ ചെയ്ത ഓഫ്‌ലൈൻ വിദ്യാർത്ഥികളും ചവറ ബി.ജെ.എം കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. കൊല്ലം എഫ്.എം.എൻ കോളേജിൽ അപേക്ഷിച്ച എല്ലാ ഓൺലൈൻ, ഓഫ്‌ലൈൻ വിദ്യാർത്ഥികളും ചാത്തന്നൂർ എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. കണ്ണൂർ, പാലക്കാട്, മലപ്പുറം ലേണേഴ്സ് സപ്പോർട്ട് സെന്ററിലെ വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിലും ലഭിക്കും.

*(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാൻ)*

## എം.എസ്‌സി പ്രാക്ടിക്കൽ

2017 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി ബയോടെക്‌നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 12, 13, 14 തീയതികളിൽ അതത് കോളേജുകളിൽ നടത്തും. വിശദവിവരങ്ങൾ കോളേജിലും സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സ് ഫലം

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ലയോള കോളേജിൽ സംഘടിപ്പിച്ച പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ 2017 ആഗസ്റ്റിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. രജി.നമ്പർ 11254 (റീനി ആനി കോശി) ഒന്നാം റാങ്ക് നേടി.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ് ഫലം

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം പി.എം.ജിയിലെ സി.എ.സി.ഇ.ഇ യിലും കൊല്ലം ടി.കെ.എം കോളേജിലുമായി സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഒക്ടോബറിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. രജി.നമ്പർ 11449 (ഷിമി ഫിലിപ്പ്) ഒന്നാം റാങ്ക് നേടി.

## തീയതി നീട്ടി

2017 ജൂണിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള തീയതി മാർച്ച് ഒൻപത് വരെ നീട്ടി.

## യോഗ പരിശീലന പരിപാടി; രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവകലാശാല കായിക പഠന വകുപ്പ് സർവകലാശാല സ്റ്റേഡിയത്തിൽ ജി.വി രാജ പവിലിയനിൽ പൊതുജനങ്ങൾക്കായി സംഘടിപ്പിച്ചു വരുന്ന പ്രതിമാസ യോഗ പരിശീലന പരിപാടിയുടെ മാർച്ച് മാസത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷാഫോം ജി.വി. രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വിഭാഗം ഓഫീസിൽ ലഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ : 0471-2306485/ 8921507832.

## ബി.എസ്‌സി ഫലം

2016 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിലെ മൂന്നാം സെമസ്റ്റർ (2013 സ്കീം - റഗുലർ - 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2015 അഡ്മിഷൻ) വിദ്യാർത്ഥികൾക്കായി മാർച്ച് 21 മുതൽ ആരംഭി

ക്കുന്ന പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 27 ന് ആരംഭി ക്കും. പിഴകൂടാതെ മാർച്ച് ആറ്, 50 രൂപ പിഴയോടെ മാർച്ച് എട്ട്, 125 രൂപ പിഴ യോടെ മാർച്ച് 12 വരെയും ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
26.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098